
**മുരിയാട് കായൽ മേഖലയിൽ സമ്പൂർണ്ണ നെൽകൃഷി സാദ്ധ്യമാക്കുന്നതിനും കർഷകരുടെയും കൃഷിത്തൊഴിലാളികളുടേയും ആശ്രിതരുടേയും അനുബന്ധ തൊഴിലുകൾ ചെയ്യുന്നവരുടേയും ജീവിതം നിലവാരം സമ്പന്നമാക്കുക**



# മുരിയാട് കർഷകമുന്നേറ്റം നിർദ്ദേശിക്കുന്ന പദ്ധതികളും അവയുടെ നേട്ടങ്ങളും

ഫോട്ടോ : അജിലാൽ

കർഷകമുന്നേറ്റം

1. ബണ്ട് നിർമ്മാണം ഉടനെ പൂർത്തിയാക്കുക

2. ബണ്ട് കനാലിന് ആഴം കൂട്ടുക

3. കനാലിനുള്ളിലെ എല്ലാ തടസ്സങ്ങളും നീക്കം ചെയ്യുക

4. അടിയണകൾ നിർമ്മിച്ച് ബണ്ട് കനാൽ സമ്പൂർണ്ണ ജലസംഭരണിയാക്കുക

5. ബണ്ട് കനാൽ മത്സ്യവളർത്തുകേന്ദ്രമാക്കുക

6. ഇരുവശം ബണ്ടുകൾ സഞ്ചാര യോഗ്യമാക്കുക

7. ബണ്ടിൽ ഓരോ അര കിലോമീറ്ററിലും വാഹനങ്ങൾ തിരിക്കാനും കറ്റക്കളങ്ങൾക്കും സൗകര്യം വേണം.

8. ബണ്ടുകളിൽ ഓരോ അര കിലോ മീറ്ററിലും പരസ്പരം ബന്ധിപ്പിക്കുന്ന നടപ്പാലങ്ങൾ നിർമ്മിക്കുക

9. കനാലിനുവേണ്ടി കെ.എൽ. ഡി.സി. ഏറ്റെടുത്ത മുഴുവൻ സ്ഥലവും അളന്ന് അതിർത്തി നിശ്ചയിക്കുക

10. ബണ്ടുകളുടെ ഇരുവശത്തും കൃഷിയിടങ്ങളിൽ നിന്നും രണ്ടടി ആഴത്തിലും വീതിയിലും കോൺക്രീറ്റ് തോട് നിർമ്മിക്കുക

11. 28 മോട്ടോർ പെട്ടി-പറ സ്ഥാപിക്കണം

12. നെടുന്തോട് കരുവന്നൂർ പുഴയിലേക്ക് പ്രവേശിക്കുന്നിടത്ത് ഷട്ടറുകളും 100 എച്ച്.പി.യുടെ 3 മോട്ടോറുകളും സ്ഥാപിക്കണം

13. ചാത്തൻ മാസ്റ്റർ റോഡിന് തെക്കുവശം ബണ്ടിനുള്ളിൽ ഷട്ടറുകളും 100 എച്ച്.പി.യുടെ 3 മോട്ടോറുകളും സ്ഥാപിക്കണം

14. കോന്തിപുലം പാലത്തിന് തെക്കുവശത്ത് സ്ലൂയീസ് കം റെഗുലേറ്റർ സ്ഥാപിക്കണം

15. മോട്ടോർ തറകൾ ബണ്ട് കനാൽ ഉയരത്തിൽ പുനർനിർമ്മിക്കണം

16. എല്ലാ മോട്ടോർ തറകളിലും അടച്ച് പൂട്ടാവുന്ന ഉറപ്പുള്ള ഷെഡുകൾ പണിയണം

17. ബണ്ടിൽ നിന്നും കരുവന്നൂർ പുഴവരെയുള്ള നെടുന്തോട് ആഴവും വീതിയും കൂട്ടണം

18. നെടുന്തോടിലേയ്ക്ക് വെള്ളം പോകുന്നതിന് ഇപ്പോഴുള്ള ഇടുങ്ങിയ കഴ എട്ട് മീറ്റർ വീതിയിലാക്കി ഷട്ടർ സ്ഥാപിക്കണം.

19. കോക്രചാലിൽ ബണ്ട് നിർമ്മാണവും തോട് ആഴം കൂട്ടലും നടത്തണം.

20. കോക്രചാലിലെ പൊതു സ്ഥലം ചെളി നീക്കി ജലസംഭരണിയാക്കണം

21. ചെമ്മീൻ ചാലിൽ ബണ്ട് നിർമ്മിക്കുകയും തെക്കുഭാഗത്ത് ഇടബണ്ട് നിർമ്മിച്ച ഷട്ടർ സ്ഥാപിക്കുകയും വേണം

22. പാടശേഖരങ്ങളിൽ കർഷകരുടെ നിർദ്ദേശ പ്രകാരം ഇടബണ്ടുകൾ നിർമ്മിക്കണം.

23. പാടശേഖരങ്ങളിലെ ഇടതോടുകൾ ആഴം കൂട്ടി തിണ്ടുകൾ ബലപ്പെടുത്തണം.

24. പാടശേഖരങ്ങളിൽ നിന്നും ബണ്ട് കനാലിലേയ്ക്ക് തോടുകൾ പ്രവേശിക്കുന്നിടത്ത് ഷട്ടറുകൾ സ്ഥാപിക്കണം

25. കോന്തിപുലം തോടിനും ചാത്തൻ മാസ്റ്റർ റോഡിനും ഇടയിൽ ബണ്ടിന് പടിഞ്ഞാറ് മുഴുവൻ സ്ഥലവും സർക്കാർ ഏറ്റെടുത്ത് ജലസംഭരണിയും മത്സ്യവളർത്തു കേന്ദ്രവും നിർമ്മിക്കണം

26. പാടശേഖരങ്ങളിലെ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് കൃഷിയ്ക്ക് വെള്ളം എത്തിക്കാനുള്ള സംവിധാനവും മോട്ടോറുകളും സ്ഥാപിക്കണം

27. എല്ലാ മോട്ടോറുകളും ഒരേ സമയത്ത് പ്രവർത്തിപ്പിക്കാനും കേടുപാടുകൾ തീർക്കുന്നതിനും ഒറ്റ ഏജൻസിയെ ചുമതലപ്പെടുത്തണം

28. മുരിയാട് കായൽ മേഖലയിലെ എല്ലാ ചിറകളും കുളങ്ങളും സംരക്ഷിച്ച് ജല സംഭരണികളും



ഫോട്ടോ : കേരളീയം

മത്സ്യവളർത്തു കേന്ദ്രങ്ങളും സ്ഥാപിക്കണം

29. യാതൊരു രീതിയിലുള്ള ഖനനവും കൃഷിയിടങ്ങളിൽ അനുവദിക്കരുതെന്ന നിരോധന നിയമം കർശനമായി നടപ്പിലാക്കണം

30. നിലവിൽ വലിയ കുഴികളായ സ്ഥലങ്ങൾ സർക്കാർ ഏറ്റെടുക്കണം. സാദ്ധ്യമായ പ്രദേശങ്ങളിൽ നെൽകൃഷി ചെയ്യണം. മറ്റു സ്ഥലങ്ങൾ ഏകരൂപത്തിൽ നിരപ്പാക്കി ചെറിയ തുരുത്തുകൾ നിർമ്മിച്ച് ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കണം.

31. നെൽകർഷകർക്ക് അധിക വരുമാനത്തിനുവേണ്ടി വർഷക്കാലത്ത് കെട്ടിനിൽക്കുന്ന വെള്ളത്തിൽ അസോള വളർത്താൻ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക

32. ഈ മേഖലയിലേക്കാവശ്യമായ വിത്ത് ഇവിടെതന്നെ ഉത്പാദിപ്പിക്കുന്നതിനാവശ്യമായ വിത്തുൽപ്പാദനകേന്ദ്രം സ്ഥാപിക്കുക

33. കാർഷിക അനുബന്ധതൊഴിലുകളായ താറാവു വളർത്തൽ, മത്സ്യകൃഷി, പച്ചക്കറി കൃഷി, കാലിവളർത്ത് എന്നിവക്ക് ഏകീകൃത സഹായ സംവിധാനം ഏർപ്പെടുത്തുക

34. പാടശേഖരസമിതികൾക്ക് നെല്ല് സംഭരണത്തിന് ആവശ്യമായ ധനസഹായം നൽകുക.

35. ഈ മേഖലയിൽ സർക്കാർവക നെല്ല് സംഭരണ കേന്ദ്രം സ്ഥാപിക്കണം

36. ഈ മേഖലയൽ കർഷകരല്ലാത്തവർക്കും നാടൻ അരി ലഭ്യമാക്കുന്നതിന് ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.

37. പുത്തൻതോട് മുതൽ ചെമ്മീൻചാൽ വരെ ബണ്ട് നിർമ്മാണം പൂർത്തിയാക്കി നെൽകൃഷിക്ക് ദോഷമില്ലാത്ത വിധം തെങ്ങോ മറ്റ് ഫലവൃക്ഷങ്ങളോ വച്ചുപിടിപ്പിക്കുക

38. തരിശിടുന്ന കൃഷിനിലങ്ങൾ നെൽകൃഷി ചെയ്യുന്നതിന് താൽപ്പര്യമുള്ളവരെ ഏൽപ്പിക്കുക

39. കൊയ്ത്ത്, മെതി, നടീൽ, വിത, ഉഴവ് മുതലായ കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ യന്ത്രസംവിധാനങ്ങൾ സജ്ജമാക്കുക

40. മുരിയാട് കായൽമേഖലയിലെ കാർഷിക വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പൂർണ്ണ അധികാരമുള്ള പ്രത്യേക ഉദ്യാഗസ്ഥനെ നിയമിക്കുക

41. മുരിയാട് കായൽ മേഖലയിലെ നെൽകൃഷി വികസനത്തിന് പ്രത്യേക വികസന ഏജൻസി രൂപീകരിക്കുക

42. സർക്കാർ നിയന്ത്രണത്തിൽ മുരിയാട് കായൽ മേഖലയിലെ പാടശേഖരസമിതി പ്രതിനിധികളുടെ കേന്ദ്രസമിതി രൂപീകരിക്കുക

43. പാടശേഖരസമിതി വരവ് ചിലവ് കണക്കുകൾ ഓരോ വർഷവും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് കർഷകർക്ക് അനുവദിച്ച ആനുകൂല്യങ്ങളെല്ലാം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക

44. കർഷകമുന്നേറ്റത്തിന് ഉറപ്പു നൽകിയ ഇരുപത്തിയെട്ട് മോട്ടോറുകളും ഈ വർഷം തന്നെ കർഷകർക്ക് ലഭ്യമാക്കുക

45. മത്സ്യസമ്പത്ത് ലേലം ചെയ്ത് വിൽക്കുവാൻ പാടശേഖരസമിതികൾക്ക് പരിപൂർണ്ണ അധികാരം നൽകുക

46. മത്സ്യസമ്പത്തിന്റെ വിൽപ്പനയിൽ നിന്ന് ലഭിക്കുന്ന വരുമാനം തോടുകളുടെ സംരക്ഷണത്തിന് ചിലഴിക്കുവാൻ പാടശേഖരസമിതികളെ ചുമതലപ്പെടുത്തുക

47. മുരിയാട് കായൽ മേഖലയിലൂടെ കടന്നുപോകുന്ന എല്ലാ റോഡുകൾക്കുള്ളിലും വലിയ പൈപ്പുകൾ സ്ഥാപിച്ച് മത്സ്യങ്ങളുടെയും ഇതര ജലജീവികളുടെയും സ്വതന്ത്രസഞ്ചാരം ഉറപ്പാക്കുക.

48. കൃഷിയിടങ്ങളിലൂടെ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന എല്ലാ റോഡുകളും പൊളിച്ചു നീക്കാമെന്ന് മന്ത്രിതല ചർച്ചകളിൽ ഉറപ്പുനൽകിയ പഞ്ചായത്ത് പ്രസിഡണ്ടുമാരുടെ വാക്കുപാലിക്കുക

49. ഭാവിയിൽ നെൽകൃഷിക്ക് ദോഷം ചെയ്യുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി റോഡുകളോ, തിണ്ടുകളോ നിർമ്മിക്കില്ലെന്ന് ഉറപ്പുവരുത്തുക

50. കാർഷിക മേഖലയിൽ തൊഴിലാളികൾക്ക് മറ്റുമേഖലകളിലെ തൊഴിലാളികളുടെ വേതനത്തിന് തുല്യമായ വേതനം കൊടുക്കുവാൻ കർഷകർക്ക് സാധിക്കുന്നതിനുവേണ്ടി ലേബർ സബ്സിഡി അനുവദിക്കുക.

*കർഷകമുന്നേറ്റം, വല്ലക്കുന്ന്,*
*ഇരിങ്ങാലക്കുട, തൃശൂർ*